(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പെൺവാണിഭ കേസുകൾ, സ്ത്രീപീഡനകേസുകൾ, ബലാൽസംഗങ്ങൾ, ആരാധനാലയ കവർച്ചകൾ, വിഗ്രഹ മോഷണങ്ങൾ, ബാങ്ക്കവർച്ചകൾ, കുഴൽപണക്കേസുകൾ, കള്ളനോട്ട് കേസുകൾ, മയക്കുമരുന്നുകേസുകൾ, ശ്രീനാരായണ ഗുരുമന്ദിരം തകർക്കൽ, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

ക്രിമിനൽ കേസുകൾ

38 [39] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് 18-നുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകക്കേസുകൾ, രാഷ്ട്രീയ കൊലപാതകക്കേസുകൾ, ഗുണ്ടാ ആക്രമണ ക്കേസുകൾ, മോഷണക്കേസുകൾ, സ്ത്രീപീഡനക്കേസുകൾ, ബലാൽസംഗക്കേസുകൾ, ബാലപീഡനക്കേസുകൾ, ക്ഷേത്രകവർച്ചാക്കേസുകൾ, മുസ്ലീം/ക്രിസ്ത്യൻ ദേവാലയ കവർച്ചാക്കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്ത മാക്കുമോ;

(ബി) എത്ര വർഗ്ഗീയ സംഘർഷങ്ങളും വ്യാജമദ്യ ദുരന്തങ്ങളും ഉണ്ടായിട്ടു ണ്ടെന്നും ഇതിൽ എത്രപേർവീതം മരണപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

മോഷണ-ഭവനഭേദനക്കേസുകൾ

39 [40] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷത്തിനിടയ്ക്ക് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടി ട്ടുള്ള മോഷണം, ഭവനഭേദനം, കവർച്ച, കൊലപാതകം, സ്ത്രീപീഡനം എന്നിവയുടെ കണക്ക് തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവ ഒരോന്നിലും എത്ര പ്രതികളെവീതം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	മോഷണം	..	22,681
	ഭവനഭേദനം	..	17,519
	കവർച്ച	..	2,299
	കൊലപാതകം	..	1,647
	സ്ത്രീപീഡനം	..	20,956
(ബി)	മോഷണം	..	15,129
	ഭവനഭേദനം	..	8,445
	കവർച്ച	..	3,740
	കൊലപാതകം	..	3,631
	സ്ത്രീപീഡനം	..	27,984

(ചോദ്യംനമ്പർ 41, 42, 43 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

പോലീസ് രജിസ്റ്റർചെയ്ത പെൺവാണിഭക്കേസുകൾ

40 [44] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പെൺവാണിഭക്കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കുറ്റക്കാരെ മുഴുവൻ അറസ്റ്റ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(സി) അറസ്റ്റ്ചെയ്ത മുഴുവൻ പേരുടേയും കോടതി നടപടികൾ പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പെൺവാണിഭക്കേസുകളിൽ പലതും കോടതി നടപടികളിൽ പോലീസ് മനഃപൂർവ്വം വീഴ്ച വരുത്തുന്നതിലൂടെ, പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമുണ്ടാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കേസുകൾ പൂർണ്ണമായും പരിശോധിക്കുവാനും മേൽ നടപടികൾ ഉറപ്പുവരുത്തുവാനും തയ്യാറാകുമോ?

ഉത്തരം

(എ) എട്ട് പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) മുഴുവൻപേരേയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇല്ല. കേസുകൾ അന്വേഷണത്തിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly